പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2434 | 05-11-2019 ൽ മറുപടിക്ക്

## മെറ്റൽ ഇൻഡസ്ട്രീസിന്റെ നവീകരണം

**ചോദ്യം**

**ശ്രീ. പി.കെ ശശി**

ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ നവീകരണത്തിനും ഈ സ്ഥാപനത്തെ ലാഭകരമാക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ഉത്തരം**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

പരിഗണനയിലുണ്ട്. ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന ലാഭം ഉണ്ടാക്കിയിട്ടുണ്ട്.

ഈ സ്ഥാപനത്തിന്റെ ഉൽപ്പാദന സൗകര്യങ്ങൾ നവീകരിച്ച് പ്രവർത്തനം ലാഭകരമാക്കുന്നതിന്റെ ഭാഗമായി ചെറിയ ഫോർജിംഗ് ജോലികൾ ചെയ്യുന്നതിന് ഒരു ടണ്ണിന്റെ ഹാമ്മർ സ്ഥാപിക്കുന്നതിന് വേണ്ടി 300 ലക്ഷം രൂപ അടുത്ത സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി പ്ലാനിംഗ് ബോർഡിനും സർക്കാരിനും പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

കൂടാതെ പരമ്പരാഗതമായ ഇരുമ്പ് ഉപകരണങ്ങളോടൊപ്പം കാർഷികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കും അനുയോജ്യമായ ഇരുമ്പ് ഉപകരണങ്ങൾ നിർമ്മിച്ച് ബ്രാൻഡ് ചെയ്യുന്നതിനുമുള്ള പദ്ധതി കമ്പനിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ